പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6982 — 13.7.2012 ന് മറുപടിയ്ക്ക്

## *ഐ.ടി.ഐ.കളിൽ ഒഴിവുള്ള തസ്തികകളും പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിലവസരവും*

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. ബി.ഡി.ദേവസ്സി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നിരവധി ഐ.റ്റി.ഐ.കളിൽ പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പ്രിൻസിപ്പാൾമാരുടെ 6 ഒഴിവുകൾ സർക്കാർ ഉത്തരവ് (സാധാ) നം.1063/12/തൊഴിൽ, തീയതി 9.7.12 പ്രകാരം നികത്തിയിട്ടുണ്ട്. |
| (സി) നിലവിൽ സംസ്ഥാനത്തെ ഗവ.ഐ.റ്റി.ഐ.കളിൽ നിന്നും ഓരോവർഷവും എത്രപേർ വീതം ട്രെയിനിംഗ് പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) ഏകദേശം പതിനേഴായിരത്തോളം പേർ ട്രെയിനിംഗ് പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. |
| (ഡി) ഇവർക്ക് മതിയായ തൊഴിലവസരം നൽകുവാൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി യിട്ടുണ്ടെങ്കിൽ ആയത് വെളി പ്പെടുത്തുമോ ? | (ഡി) സംസ്ഥാനത്ത് ജോബ് ഫെയറും സ്കിൽ ഫെസ്റ്റും നടത്തുന്നുണ്ട്. കൂടാതെ എല്ലാ ഐ.ടി.ഐ. കളിലും പ്ലേസ്മെന്റ് സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ഇപ്പോൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ജൊബ് പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ